കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുമളി ഗ്രാമ പഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും ലോണെടുക്കുന്നത്- ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.556/2019/ തസ്വഭവ    തിരുവനന്തപുരം, തീയതി,07.03.2019.

---

പരാമർശം: 1. 29.07.2009-ലെ സർക്കാർ ഉത്തരവ്(എം.എസ്) നം.147/2009/ത.സ്വ.ഭ.വ

2 . 22/05/2018 ലെ സർക്കാർ ഉത്തരവ് (സാധാ.)നം.1412/18/തസ്വഭവ

3.. പഞ്ചായത്ത് ഡയറക്ടറുടെ 08/02/2019 ലെ കത്ത് നം.എഫ്3/14944/18

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ കുമളി ഗ്രാമ പഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പീരുമേട് താലൂക്കിലെ കുമളി വില്ലേജിൽപ്പെട്ട സർവ്വെ നം. 67/1 എ/19 - ൽ പ്പെട്ട 34 സെന്റ് വസ്തു ജാമ്യമായി നല്കി 4.5 കോടി രൂപ 11% പലിശയ്ക്ക് കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും വായ്പയെടുക്കുന്നതിനായി പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നല്കിയിരുന്നു.എന്നാൽ പരാമർശം (1) ലെ ഉത്തരവുകൾക്ക് വിധേയമായി ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ(3)എന്ന ക്ളാസ് ഉൾപ്പെടുത്തി പരാമർശം(2) ഉത്തരവ് ഭേദഗതി ചെയ്യണമെന്നു പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുമളി ഗ്രാമ പഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പീരുമേട് താലൂക്കിലെ കുമളി വില്ലേജിൽപ്പെട്ട സർവ്വെ നം. 67/1 എ/19 - ൽ പ്പെട്ട 34 സെന്റ് വസ്തു ജാമ്യമായി നല്കി 4.5 കോടി രൂപ 11% പലിശയ്ക്ക് കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും വായ്പയെടുക്കുന്നതിനായി പരാമർശം (2) ലൂടെ പുറപ്പെടുവിച്ച ഉത്തരവിൽ പരാമർശം (1) ലെ ഉത്തരവുകൾക്ക് വിധേയമായി ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ(3)എന്ന ക്ളാസ് ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവാകുന്നു.പരാമർശം(2) ലെ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ,കെ.യു.ആർ.ഡി.എഫ്.സി,തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,ഇടുക്കി

പ്രസിഡണ്ട്,കുമളി ഗ്രാമ പഞ്ചായത്ത്,ഇടുക്കി

സെക്രട്ടറി ,കുമളി ഗ്രാമ പഞ്ചായത്ത്,ഇടുക്കി

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് , തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ് , ഡിബി2/156/18

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ